# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 227** **12/03/2020 -ലെ മറുപടിക്ക്**

## റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ. എസ്.ശർമ്മ<br>,, കെ.സുരേഷ് കുറുപ്പ്<br>,, എ. പ്രദീപ്കുമാർ | | കെ കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ സംസ്ഥാനത്ത് പ്രളയ സാധ്യതയുള്ള നദികൾക്ക് കൂടുതൽ സ്ഥലം ഒരുക്കി നൽകുന്നതിലേയ്ക്കായി പമ്പാനദിയെ പൈലറ്റ് പദ്ധതിയാക്കിക്കൊണ്ട് 'റൂം ഫോർ ദി റിവർ' പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | എ | 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ, നദികളിൽ, പ്രത്യേകിച്ച് കുട്ടനാട് മേഖലയിലെ പമ്പ, അച്ചൻകോവിൽ നദികളിൽ പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കാനുദ്ദേശിച്ച് നദികളുടെ ആഴവും വീതിയും കൂട്ടിയും ബൈപ്പാസ് ചാനലുകളുടെ പുനരുദ്ധാരണം നടത്തിയും ലീഡിംഗ് ചാനലുകളുടെ ബണ്ടുകൾ ബലപ്പെടുത്തിയും, ഫ്ലഡ് റഗുലേറ്ററുകളുടെ നിർമ്മാണം നടത്തിയും നെതർലാന്റ് മാതൃകയിൽ, നദിക്ക് വഴിയൊരുക്കുന്ന (Room for River) പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള മാതൃകകൾ പരിശോധിക്കുന്നതാണ്. |
| ബി പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച നദികളുടെയും തോടുകളുടെയും ജലാശയങ്ങളുടെയും പുനരുദ്ധാരണത്തിനായി കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച നദികളുടെയും തോടുകളുടെയും ജലാശയങ്ങളുടെയും പുനരുദ്ധാരണത്തിനായി കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | i. പുഴയ്ക്ക് വഴിയൊരുക്കുന്ന (Room for River) പദ്ധതി;<br>ii. നദീതട സംരക്ഷണ, പരിപാലന അതോറിറ്റി (River Basin Conservation and Management Authority) രൂപീകരണം;<br>iii. കേരള ജലവിഭവ വിവര സംവിധാന (Kerala Water Resources Information System)ത്തിന്റെ വികസനം. |
| സി | ജലമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സി | സംസ്ഥാനത്തെ എല്ലാ നദികളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമാക്കി ഒരു നദീതട സംരക്ഷണ പരിപാലന അതോറിറ്റി (River Basin Conservation and Management Authority)ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി RBCMA ആക്ടിന്റെ കരട് തയ്യാറാക്കുന്നതിന് ഒരു 11 അംഗ സംസ്ഥാനതല കമ്മിറ്റി 03/05/2019-ൽ രൂപീകരിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ആക്ട് തയ്യാറാക്കുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഒരു 13 അംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 10/06/2019-ൽ രൂപീകരിക്കുകയുണ്ടായി. കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ